(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സബ് സെന്റർ കോട്ടയം, കൊല്ലം, റിപ്രോഗ്രാഫിക് കോംപ്ലക്സ് വട്ടിയൂർക്കാവ് എന്നീ സെന്ററുകൾ ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്. മററുള്ള സെന്ററുകൾ ലാഭത്തിലല്ല പ്രവർത്തിച്ചിരുന്നത്.

ലാഭ നഷ്ടങ്ങളുടെ കണക്ക് (2000-01) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. †

(ഡി) സെന്ററിന്റെ ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്. സലീം ആണ്. അദ്ദേഹത്തിന്റെ കാലാവധി 2001 ഒക്ടോബർ 31 വരെയാണ്. ചില നിവേദനങ്ങൾ ലഭിച്ചവ പരിശോധിച്ചു വരുന്നു.

(ഇ) പ്രിന്റിംഗ് മെററീരിയൽസ് വാങ്ങിച്ച സ്ഥാപനങ്ങളുടെ ലിസ്ററ് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. †

## വ്യാജവാർത്ത പ്രസിദ്ധീകരിച്ചതിനെതിരെ അന്വേഷണം

151. [725] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരേഷ് എന്ന ബി.ഡി.ഒ. യെ പിരിച്ചുവിട്ടതായ വ്യാജവാർത്ത പബ്ലിക് റിലേഷൻസ് വഴി പത്രങ്ങൾക്ക് ലഭിച്ചതായുള്ള ആരോപണത്തെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ വാർത്ത നൽകാനുണ്ടായ സാഹചര്യവും അതിന് ഉത്തരവാദികൾ ആരാണെന്നും കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്താനും സംഭവത്തിന്റെ നിജസ്ഥിതി കണ്ടെത്താനും നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) പബ്ലിക് റിലേഷൻസ് വഴി ഇത്തരത്തിലൊരു വാർത്ത പത്രങ്ങൾക്ക് നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ആരോപണത്തെക്കുറിച്ച് വ്യക്തമായ തെളിവുകൾ നൽകുന്ന പക്ഷം അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## പാർലമെന്ററികാര്യ വകുപ്പ് രൂപീകരണം

152. [726] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററികാര്യ വകുപ്പ് രൂപീകരണം സംബന്ധിച്ച് എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ വകുപ്പിന്റെ സ്ററാഫ് പാറേറൺ വെളിപ്പെടുത്താമോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര തസ്തികകൾ ഇതിനകം അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഏതെല്ലാം പുതിയ തസ്തികകളാണ് ഇതിലേക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പാർലമെന്ററി കാര്യവകുപ്പ് രൂപീകരണം സംബന്ധിച്ച് 1-6-2001-ൽ ഉത്തരവ് പുറപ്പെടുവിച്ചു.

(ബി) സ്റ്റാഫ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ്.

| | എണ്ണം |
|---|---|
| സെക്രട്ടറി | 1 |
| ജോയിന്റ് സെക്രട്ടറി | 1 |
| ജോയിന്റ് സെക്രട്ടറിയുടെ സി. എ. | 1 |
| സെക്ഷൻ ഓഫീസർ | 2 |
| അസിസ്റ്റന്റ് | 5 |
| ടൈപ്പിസ്റ്റ് | 2 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 1 |
| പ്യൂൺ | 2 |

(സി) മുഴുവൻ തസ്തികകളും അനുവദിക്കപ്പെട്ടിട്ടുണ്ട്.

(ഡി) പുതുതായി അനുവദിച്ച തസ്തികകൾ ഇവയാണ്.

| | |
|---|---|
| ജോയിന്റ് സെക്രട്ടറി | 1 |
| സെക്ഷൻ ഓഫീസർ | 1 |
| അസിസ്റ്റന്റ് | 1 |
| സി. എ. | 1 |
| പ്യൂൺ | 1 |

## പത്രപ്രവർത്തകരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ

153. [727] ശ്രീ. ഷിബു ബേബിജോൺ :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പത്രപ്രവർത്തകരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. പക്ഷേ അവരുടെ ക്ഷേമത്തിനായുള്ള പദ്ധതിയെക്കുറിച്ച് ആലോചിച്ചുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly